പുനസ്സംഘടനാകമ്മിറ്റി റിപ്പോർട്ട്.

* 256. [32] ശ്രീ. ഇടിക്കുള ഇടിക്കുള : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) താലൂക്ക് ഓൺഡ് വില്ലേജ് പുനസ്സംഘടനാകമ്മിറ്റി, റിപ്പോർട്ട് ഗവണ്മെൻറിലേയ്ക്കു സമർപ്പിച്ചുകഴിഞ്ഞുവോ ;

(ബി) പുതുതായി എത്ര താലൂക്കുകൾകൂടി രൂപവൽക്കരിക്കേണ്ടതാണെന്നാണ് കമ്മിറ്റി ഏകാഭിപ്രായമായി ശുപാർശ ചെയ്തിരിക്കുന്നത് ;

(സി) റാന്നി ഒരു താലൂക്കായി തൽക്കാലം ഉയർത്തേണ്ടതില്ലെന്നു കമ്മിറ്റിക്കാരിൽ ചിലർ അവസാനകമ്മിറ്റിയോഗത്തിൽ അഭിപ്രായം രേഖപ്പെടുത്തുവാൻ അവർ ഉന്നയിച്ചിരിക്കുന്ന കാരണങ്ങൾ എന്തൊണെന്നു പറയുവാൻ ദയവുണ്ടാകുമോ ;

(ഡി) റാന്നി ഒരു താലൂക്കാക്കി ഉയർത്തേണ്ടതാണെന്നു എത്ര കമ്മിറ്റിയംഗങ്ങൾ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട് ;

(ഇ) അങ്ങനെ അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ള കമ്മിറ്റിയംഗങ്ങളുടെ പേരു പറയുവാൻ ദയവുണ്ടാകുമോ ;

(എഫ്) റാന്നി താലൂക്കായി ഉയർത്തേണ്ടതാണെന്ന് അഭിപ്രായപ്പെട്ടിരിക്കുന്ന കമ്മിറ്റിയംഗങ്ങൾ അതിലേയ്ക്ക് എണ്ണ ന്യായങ്ങളാണ് ഉന്നയിച്ചിരിക്കുന്നതെന്നും പറയുവാൻ ദയവുണ്ടാകുമോ ;

(ജി) റാന്നി പകുതിയുടെ വിസ്തീർണ്ണം എത്രയെന്നു പറയുവാൻ ദയവുണ്ടാകുമോ ?

ആഭ്യന്തരകായ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) സമർപ്പിച്ചുകഴിഞ്ഞു.

(ബി, സി, ഡി, ഇ, എഫ്) റിപ്പോർട്ട് ഗവണ്മെൻറിൻറെ പരിഗണനയിൽ ഇരിക്കുന്നതിനാൽ അതിലെ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിവൃത്തിയില്ല.

(ജി) 92.50 ചതുരശ്രമൈൽ.

ജയിൽ പരിഷ്കരണം.

* 257. [33] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിൽ പരിഷ്കരണകമ്മിറ്റിയുടെ ശുപാർശകൾ ഗവണ്മെൻറ് അംഗീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ ഇതിനകം എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ?

(സി) പ്രത്യേക പരിശീലനത്തിനു് ഇംഗ്ലണ്ടിൽ പോയിരുന്ന ഐ. ജി. ആഫ് പ്രിസൺസ് ജയിൽ പരിഷ്കരണം, തടവുകാരോടുള്ള പെരുമാറ്റം തുടങ്ങിയവ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ ഗവണ്മെൻറിനു നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly